പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3097

15.02.2013 ൽ
മറുപടിയ്ക്ക്

## കുറഞ്ഞ നിരക്കിൽ ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ ;<br>ശ്രീ. വിഡി. സതീശൻ ;<br>ശ്രീ. സി.പി. മുഹമ്മദ് ;<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) പൊതുവിപണിയിൽ കുറഞ്ഞ നിരക്കിൽ ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ പദ്ധതിയിട്ടതായി അറിയാമോ ; എങ്കിൽ, വിശദമാക്കുമോ ;

എ) പൊതുവിപണിയിൽ ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം പ്രകാരം അരിയും ഗോതമ്പും കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ട്.

ബി) പ്രസ്തുത പദ്ധതി പ്രകാരം കുറഞ്ഞ നിരക്കിൽ സംസ്ഥാനത്തിന് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് കേന്ദ്രം തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ ;

ബി) ഉണ്ട്; കോമൺ പുഴുക്കലരിയുടെ വില ക്വിന്റലിന് 1893 രൂപയും 'എ' ഗ്രേഡ് പുഴുക്കലരിയുടെ വില ക്വിന്റലിന് 1883 രൂപയുമാണ്. പച്ചരി (കോമൺ) യുടെ വില ക്വിന്റലിന് 1866 രൂപയും പച്ചരി എ ഗ്രേഡിന്റെ വില ക്വിന്റലിന് 1911 രൂപയും ഗോതമ്പിന്റെ വില ക്വിന്റലിന് 1778 രൂപയുമാണ്.

സി) ഏത് ഏജൻസി വഴിയാണ് ഈ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നത് ; വിശദമാക്കുമോ ;

സി) എഫ്.സി.ഐ മുഖാന്തിരം ലഭ്യമാകുന്ന അരിയും ഗോതമ്പുമാണ് വിതരണം ചെയ്യുന്നത്. റീട്ടെയിൽ പദ്ധതി പ്രകാരം അനുവദിക്കുന്ന വിഹിതം പൊതുവിതരണ വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ഏജൻസികൾ വഴി വിറ്റഴിക്കുന്നു. നിലവിലെ അലോട്ട്മെന്റായി 20000 മെ.ടൺ അരിയിൽ നിന്ന് 7740 മെ.ടൺ സപ്ലൈകോയ്ക്കും 1000 മെ.ടൺ കൺസ്യൂമർഫെഡിനും അനുവദിച്ചിട്ടുണ്ട്.

ഡി) പ്രസ്തുത പദ്ധതി പ്രകാരം അരിയും ഗോതമ്പും എന്ത് വിലയ്ക്കാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ;

ഡി) നിലവിൽ ഒ.എം.എസ്.എസ്പദ്ധതി പ്രകാരം അനുവദിക്കുന്ന അരിയുടെയും ഗോതമ്പിന്റെയും (ക്വിന്റൽ) വില ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗോതമ്പ് | Rs.1778/- |
| പച്ചരി ഗ്രേഡ് എ | Rs.1911/- |
| പച്ചരി കോമൺ | Rs.1866/- |
| പുഴുക്കലരി ഗ്രേഡ് എ | Rs.1883/- |
| പുഴുക്കലരി കോമൺ | Rs.1893/- |

എഫ്.സി.ഐ നിരക്കിനേക്കാൾ ക്വിന്റലിന് 225 രൂപയിലധികം വരാത്ത വിധം ചില്ലറ വിൽപ്പന വില നിശ്ചയിക്കണം എന്ന് കേന്ദ്ര

| | | | |
|---|---|---|---|
| | | | സർക്കാർനിബന്ധനയുണ്ട്. അതിൻപ്രകാരം ചില്ലറ വിൽപ്പന വില നിശ്ചയിക്കാൻ സപ്ലൈകോയ്ക്കും കൺസ്യൂമർഫെഡിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ പദ്ധതി പ്രകാരം സ്റ്റോക്കെടുത്തിട്ടുള്ളത് എ ഗ്രേഡ് പച്ചരിയും കോമൺ പുഴുക്കലരിയുമാണ്. ഇവ യഥാക്രമം 21 രൂപ, 20.50 രൂപ എന്നീ നിരക്കിലാണ് വിൽപ്പന നടത്തുന്നത്. |
| ഇ) | ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ള അരി വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ? | ഇ) | ആന്ധ്രപ്രദേശ്,തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ള ജനപ്രിയ അരിയിനങ്ങൾ (ജയ തുടങ്ങിയ) ലഭ്യമാക്കുന്നതിന് എഫ്.സി.ഐ യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ അരി ഉൽപ്പാദന സംസ്ഥാനങ്ങളിൽ നിന്ന് നേരിട്ട് അരി സംഭരിക്കുകയെന്ന ലക്ഷ്യത്തോടെ കർണ്ണാടക സിവിൽ സപ്ലൈസ് കോർപ്പറേഷൻ, തമിഴ്നാട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളുമായി ഇതിനകം സപ്ലൈകോ ബന്ധപ്പെട്ടിട്ടുണ്ട്. |

Beenak

സെക്ഷൻ ഓഫീസർ